ENTRI

1 Crore User Downloads

# CURRENT AFFAIRS

## 02 MAY 2025



എ. ജയതിലക്

**കേരളത്തിന്റെ 50-ാമത് ചീഫ് സെക്രട്ടറിയായി നിയമിതനായത്**

എ. ജയതിലക്

- ശാരദാ മുരളീധരന്റെ പിൻഗാമിയായാണ് എ.ജയതിലക് ചീഫ് സെക്രട്ടറി പദവിയിലെത്തുന്നത്.

---



പായൽ കപാഡിയ

**2025-ലെ കാൻ ഫിലിം ഫെസ്റ്റിവലിന്റെ ജൂറികളിലൊരാളായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ വനിതാ സംവിധായിക**

പായൽ കപാഡിയ

- 2024-ൽ കാൻ ഫിലിം ഫെസ്റ്റിവലിൽ ഗ്രാൻഡ് പ്രീ പുരസ്കാരം നേടിയ ഇന്ത്യൻ ചിത്രം 'ഓൾ വി ഇമാജിൻ ആസ് ലൈറ്റി'ന്റെ സംവിധായികയാണ് പായൽ കപാഡിയ.
- ഫ്രഞ്ച് നടി ജൂലിയറ്റ് ബിനോഷ് ആണ് ജൂറി ചെയർമാൻ.

---



എം.പി. വീരേന്ദ്രകുമാർ

**രാഷ്ട്രീയനേതാവും എഴുത്തുകാരനും മാതൃഭൂമി മുൻ ചെയർമാനും മാനേജിങ് ഡയറക്ടറുമായിരുന്ന എം.പി. വീരേന്ദ്രകുമാറിന്റെ സ്മരണയ്ക്കായി മാതൃഭൂമി ഏർപ്പെടുത്തിയ ദേശീയപുരസ്കാരം**

എം.പി. വീരേന്ദ്രകുമാർ മെമ്മോറിയൽ നാഷണൽ തോട്ട് ലീഡർഷിപ്പ് അവാർഡ്

- പരിസ്ഥിതി, തത്ത്വചിന്ത, സാഹിത്യം, രാഷ്ട്രീയം, സാമൂഹികമനുഷ്യാവകാശ പ്രവർത്തനം എന്നീ മേഖലകളിൽ സ്തുത്യർഹമായ സംഭാവനകൾ നൽകിയ വ്യക്തികൾക്കാണ് പുരസ്കാരം നൽകുക.

---



**ഇന്ത്യയിലെ ഏറ്റവും വലിയ ക്രൂയിസ് ടെർമിനൽ**

മുംബൈ ഇന്റർനാഷണൽ ക്രൂയിസ് ടെർമിനൽ (MICT)

---

**പ്രവാസി മലയാളി സമൂഹത്തിന്റെ ക്ഷേമം ഉറപ്പിക്കുന്നതിനായി കേരളം അവതരിപ്പിച്ച ആഗോള ഡിജിറ്റൽ പ്ലാറ്റ്ഫോം**

ലോക കേരളം ഓൺലൈൻ

- പ്രവാസികൾക്ക് ആശയ വിനിമയത്തിനും തൊഴിൽ അവസരങ്ങൾ തേടാനും സാംസ്കാരിക വിനിമയം സാധ്യമാക്കാനും സഹായകമായ വിപുലമായ സംവിധാനമാണ് ലോക കേരളം ഓൺലൈൻ മുഖേന ഒരുക്കുന്നത്.
- ലോക കേരള സഭ വേദിയിൽ നിന്ന് ലഭിച്ച നിർദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ലോക കേരളം ഓൺലൈൻ എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപം കൊണ്ടത്.